**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 26** **01-02-2023 - ൽ മറുപടിയ്ക്ക്**

**വിമാനത്താവളങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിനോദസഞ്ചാരമേഖല, സമ്പദ് വ്യവസ്ഥ എന്നിവ മെച്ചപ്പെടുത്തുന്നതിനായി യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വിമാനത്താവളങ്ങളുടെ വികസനത്തിനും പുതിയ വിമാനത്താവളങ്ങൾ ആരംഭിക്കുന്നതിനുമായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശബരിമല തീർഥാടകരുടെയും പ്രവാസികളുടെയും വിനോദ സഞ്ചാരികളുടെയും സൗകര്യാർത്ഥം എരുമേലിയിൽ ശബരിമല അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാന സർക്കാർ പദ്ധതിക്ക് 2017 ഫെബ്രുവരിയിൽ തത്വത്തിൽ അനുമതി നൽകുകയും, കെഎസ്ഐഡിസിയെ നോഡൽ ഏജൻസിയായി നിയമിക്കുകയും ചെയ്തു. M/s ലൂയിസ് ബർജർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ പദ്ധതിയുടെ കൺസൾട്ടന്റ് ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മുൻ എംഡിയും എയർ ഇന്ത്യയുടെ മുൻ സിഎംഡിയുമായ ശ്രീ. വി.തുളസിദാസ്, ഐഎഎസ് (റിട്ട.)-നെ 2019 ഡിസംബറിൽ നിയമിക്കുകയും ചെയ്തു.<br><br>കൺസൾട്ടന്റ് തയ്യാറാക്കിയ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടിഇഎഫ്ആർ) പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA) ജൂൺ 2022-ന് അയച്ചുകൊടുത്തു. പദ്ധതിയുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് വിമാനത്താവളത്തിന് 3500 മീറ്റർ നീളമുള്ള റൺവേയും കോഡ്-ഇ വിമാനങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യവുമാണ്. കോട്ടയം-പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും, എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി, |

| | | | |
|---|---|---|---|
| | | | ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയവും, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികൾ ആവശ്യപ്പെട്ട വിവരങ്ങൾ കെ.എസ്.ഐ.ഡി.സി വ്യോമയാന മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. മന്ത്രാലയത്തിൽ നിന്നും 'സൈറ്റ് ക്ലിയറൺസ്' ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പദ്ധതിപ്രദേശത്ത് ജിയോ ടെക്നിക്കൽ പഠനം പൂർത്തിയാക്കുകയും, സ്ഥലം വിമാനത്താവളം നിർമ്മിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം തുടങ്ങിയിട്ടുണ്ട്; ഇത് ആറ് മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുമെന്ന് കരുതുന്നു. |
| (ബി) | ശബരിമല വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വിശദമാക്കാമോ? | (ബി) | ശബരിമല തീർഥാടകരുടെയും പ്രവാസികളുടെയും വിനോദ സഞ്ചാരികളുടെയും സൗകര്യാർത്ഥം എരുമേലിയിൽ ശബരിമല അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാന സർക്കാർ പദ്ധതിക്ക് 2017 ഫെബ്രുവരിയിൽ തത്വത്തിൽ അനുമതി നൽകുകയും, കെഎസ്ഐഡിസിയെ നോഡൽ ഏജൻസിയായി നിയമിക്കുകയും ചെയ്തു. M/s ലൂയിസ് ബർജർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ പദ്ധതിയുടെ കൺസൾട്ടന്റ് ആയി നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് മുൻ എംഡിയും എയർ ഇന്ത്യയുടെ മുൻ സിഎംഡിയുമായ ശ്രീ. വി.തുളസിദാസ്, ഐഎഎസ് (റിട്ട.)-നെ 2019 ഡിസംബറിൽ നിയമിക്കുകയും ചെയ്തു.<br><br>കൺസൾട്ടന്റ് തയ്യാറാക്കിയ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടിഇഎഫ്ആർ) പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനും തത്വത്തിലുള്ള അംഗീകാരത്തിനുമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് (MoCA) ജൂൺ 2022-ന് അയച്ചുകൊടുത്തു. പദ്ധതിയുടെ മാസ്റ്റർപ്ലാൻ അനുസരിച്ച് വിമാനത്താവളത്തിന് 3500 മീറ്റർ നീളമുള്ള റൺവേയും കോഡ്-ഇ വിമാനങ്ങളുടെ പ്രവർത്തനത്തിന് അനുയോജ്യവുമാണ്. കോട്ടയം-പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും, |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി, ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയവും, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നീ ഏജൻസികൾ ആവശ്യപ്പെട്ട വിവരങ്ങൾ കെ.എസ്.ഐ.ഡി.സി വ്യോമയാന മന്ത്രാലയത്തിന് അയച്ചിട്ടുണ്ട്. മന്ത്രാലയത്തിൽ നിന്നും 'സൈറ്റ് ക്ലിയറൻസ്' ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പദ്ധതിപ്രദേശത്ത് ജിയോ ടെക്നിക്കൽ പഠനം പൂർത്തിയാക്കുകയും, സ്ഥലം വിമാനത്താവളം നിർമ്മിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം തുടങ്ങിയിട്ടുണ്ട്; ഇത് ആറ് മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ